(സി) കണ്ണൂർ കെൽട്രോൺ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ട്രേഡ് യൂണിയനുകൾ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ അവ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്പനി ബാങ്കുകൾക്ക് നൽകാനുണ്ടായിരുന്ന 730 ലക്ഷം രൂപ സംസ്ഥാന വ്യവസായ പുനരുദ്ധാരണ ബോർഡിൽ നിന്നും വായ്പ എടുത്ത് ഒറ്റത്തവണ തീർപ്പാക്കൽവഴി അടച്ചുതീർത്തു.

(സി) കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തി പുനരുദ്ധരിക്കുക, കമ്പനിയുടെ ദീർഘകാല ബാധ്യതകൾ ഒറ്റത്തവണയായി തീർപ്പാക്കുക, കെ. എസ്. ഇ. ഡി. സി. നൽകിയ ദീർഘകാല വായ്പകൾ ഓഹരിയാക്കുക, കെ. എസ്. ഇ. ഡി. സി.ക്ക് നൽകുന്ന വിൽപ്പന കമ്മീഷൻ 7.5 % നിന്നും 4 % ആക്കുക, കമ്പനിക്ക് ലഭിക്കാനുള്ള തുകകൾ കാലതാമസം കൂടാതെ സമാഹരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കെൽട്രോണിൽ ഉത്പാദിപ്പിക്കുന്ന പ്രതിരോധത്തിന് ഉപയുക്തമായ വസ്തുക്കൾ

21 [1226] ശ്രീ. എം. മുരളി :
" വർക്കല കഹാർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി മേഴ്സി രവി :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രത്തിന്റെ പ്രതിരോധത്തിനുപയുക്തമായ എന്തെല്ലാം വസ്തുക്കൾ കെൽട്രോണിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട് ;

(ബി) ഇവ ഡിഫൻസ് വകുപ്പിന് നൽകാറുണ്ടോ ;

(സി) ഈ വർഷം ഇതുവരെ എന്തെല്ലാം ഉൽപ്പന്നങ്ങൾ കെൽട്രോൺ ഡിഫൻസ് വകുപ്പിന് നൽകി ;

(ഡി) പ്രസ്തുത ഇനത്തിൽ കെൽട്രോണിന് എത്ര തുക ഇതുവരെ കിട്ടി എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇൻഡ്യൻ നേവിക്കുവേണ്ടി പ്രതിരോധാവശ്യത്തിനായി പ്രോസസർ ബോസ്ഡ് ഗ്രൗണ്ട് മൈൻ, അണ്ടർ വാട്ടർ ടെലിഫോൺ, ഇലക്ട്രോ മാഗ്നറ്റിക് ലോഗ്, എക്കോ സൗണ്ടർ, എക്സ്. ബി. റ്റി. പ്രോബ്, സോണോ ബോവി, റേഞ്ചർ ബോവി, ഇന്റർ ഫേസ് യൂണിറ്റ്, പേഴ്സണൽ റസ്ക്യൂ ബീക്കൺ, സ്മാർട്ട് കാർഡ് അധിഷ്ഠിത അക്സസ് കൺട്രോൾ സിസ്റ്റം, ട്രാൻസ് ഡ്യൂസർ തുടങ്ങിയവ നിർമ്മിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇൻഡ്യൻ നേവിക്കുവേണ്ടി പ്രതിരോധാവശ്യത്തിനായി പ്രോസസർ ബോസ്ഡ് ഗ്രൗണ്ട് മൈൻ, അണ്ടർ വാട്ടർ ടെലിഫോൺ, ഇലക്ട്രോ മാഗ്നറ്റിക് ലോഗ്, എക്കോ സൗണ്ടർ, സ്മാർട്ട് കാർഡ് അധിഷ്ഠിത അക്സസ് കൺട്രോൾ സിസ്റ്റം, ട്രാൻസ് ഡ്യൂസർ തുടങ്ങിയവ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(ഡി) 2005 ജനുവരി 31 വരെ കരകുളത്തെ സ്പെഷ്യൽ പ്രോഡക്ട്സ് ഡിവിഷന് 1320 ലക്ഷം രൂപയും, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, കുറ്റിപ്പുറത്തിന് 94 ലക്ഷം രൂപയും ഉൽപ്പന്നങ്ങൾ നിർമ്മിച്ചു നൽകിയ ഇനത്തിൽ വിറ്റുവരവായി ലഭിച്ചിട്ടുണ്ട്.

കെൽട്രോൺ ലാഭകരമായി പ്രവർത്തിപ്പിക്കാൻ നടപടി

22 [1227] ശ്രീ. കെ. അച്ചുതൻ :

„ എം. എ. വാഹീദ് :

ശ്രീമതി രാധാരാഘവൻ :

ശ്രീ. ലൂഡി ലൂയിസ് :

„ കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ; ലാഭകരമായ നിലയിൽ കെൽട്രോൺ പ്രവർത്തിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇനിയും വി. ആർ. എസ്. നൽകി ഇവിടെനിന്ന് ജീവനക്കാരെ പിരിച്ചു വിടുവാൻ ഉദ്ദേശമുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കെ. എസ്. ഇ. ഡി. സി-ൽ ഇപ്പോൾ 1504 പേർ ജോലി ചെയ്യുന്നു. കെ.എസ്.ഇ.ഡി.സി.യെ ലാഭകരമായി പ്രവർത്തിപ്പിക്കാൻ പ്രത്യേകം സ്ട്രാറ്റജിക് ബിസിനസ്സ് യൂണിറ്റുകളായി വിഭജിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ ഇല്ല.

2/2312/12

LIBRARY ARCHIVES Kerala Legislative Assembly